നമ്പർ: 103/2024

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

മലങ്കര സഭയിലെ ഒന്നാം കാതോലിക്കാ പ. ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായുടെ 111-ാം ഓർമ്മപ്പെരുന്നാൾ 2024 മെയ് മാസം 2, 3 (വ്യാഴം, വെള്ളി) തീയതികളിൽ ആ പുണ്യപിതാവ് കബറടങ്ങിയിരിക്കുന്ന പാമ്പാക്കുട ചെറിയ പള്ളിയിൽ ആചരിക്കുകയാണ്. വിശുദ്ധവും സമർപ്പിതവും ശാന്തവുമായ ധന്യജീവിതംകൊണ്ട് ജനഹൃദയങ്ങളിൽ സജീവമായി നിലകൊള്ളുന്ന ഒരു പരിശുദ്ധനാണ് ആ പുണ്യപിതാവ്. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നവർക്ക് അനുഗ്രഹങ്ങൾ ധാരാളമായി ലഭിക്കുന്നുണ്ട്. പ. സഭാമക്കൾ ഏവരും ആ പുണ്യപിതാവിന്റെ കബറിടം സന്ദർശിക്കണം. പെരുന്നാൾ സംബന്ധമായ എല്ലാ ശുശ്രൂഷകളിലും നിങ്ങളേവരും നേർച്ചകാഴ്ചകളുമായി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം ഓർമ്മിപ്പിക്കുന്നു. നമ്മുടെ എല്ലാ പള്ളികളിലും വിശുദ്ധ കുർബ്ബാനയിൽ പ. പിതാവിനെ ഓർക്കുകയും പ്രത്യേകം ധൂപപ്രാർത്ഥന നടത്തുകയും ചെയ്യണം. പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 ഏപ്രിൽ മാസം 15-ാം തീയതി

കോട്ടയം കാതോലിക്കേറ്റ്

അരമനയിൽ നിന്നും.